മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) † 32. ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) † 12. ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) 886

(ഡി) ഉദ്ദേശം 15 കൊല്ലം

(ഈ) ഗവണ്മെൻറിൽ നിന്നും ആവിഷ്കരിച്ചിട്ടുള്ള അടിസ്ഥാന വിദ്യാഭ്യാസ വിപുലീകരണപദ്ധതിയിൽ വേണ്ടത്ര അദ്ധ്യാപകർക്കു പരിശീലനം നൽകുവാനുള്ള പരിപാടിയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതുമൂലം സംസ്ഥാനത്തിൻറെ ആവശ്യാനുസരണം അദ്ധ്യാപകരെ പരിശീലിപ്പിക്കുവാൻ സാധിക്കുമെന്നാണ് ഗവണ്മെൻറ് വിശ്വസിക്കുന്നത്.

ഇലക്ട്രിസിറ്റി വിതരണം.

*412. [46] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സ്ഥലത്തേയ്ക്ക് ഇലക്ട്രിസിറ്റി വിതരണം ചെയ്യുവാനുള്ള മാനദണ്ഡമെന്താണ്;

(ബി) അതു നിശ്ചയിക്കുന്നതു് ആരാണ്;

(സി) പി. ഡബ്ലിയു. ഡി. വർക്ക്സ് കമ്മറ്റി പോലെ ഇലക്ട്രിസിറ്റി സംബന്ധിച്ചും ഒരു കമ്മിറ്റിയെ നിയോഗിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഇന്നു നിലവിലുള്ള ഏർപ്പാടു് അനുസരിച്ചു് ഒരു സ്ഥലത്തേയ്ക്കു് ഇലക്ട്രിസിറ്റി വിതരണം നടത്തുന്നതിന് മുതൽ മുടക്കിൻറെ 5 ശതമാനം വാർഷിക ആദായം ലഭിക്കുമെന്നു ബോദ്ധ്യം വരുകയോ അല്ലാത്തപക്ഷം ഈ നിരക്കനുസരിച്ചുള്ള ആദായത്തിനു കക്ഷികളിൽ നിന്നും മിനിമം ചാർജിനറി എഗ്രിമെൻറ് കിട്ടുകയോ വേണം.

(ബി) മാനദണ്ഡം നിശ്ചയിക്കുന്നതു് ഗവണ്മെൻറാണ്. എന്നാൽ ഏതെങ്കിലും ഒരു പദ്ധതി ഗവണ്മെൻറ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം അനുസരിച്ചു് ആദായകരമായിട്ടുള്ളതാണോ എന്നു നിശ്ചയിക്കുന്നതു് ചീഫ് ഇഞ്ചിനിയരും സൂപ്രണ്ടിംഗ് ഇഞ്ചിനിയറന്മാരും ആകുന്നു.

(സി) ഈ കാര്യം ഗവണ്മെൻറിൻറെ ആലോചനയിൽ ഇരിക്കുകയാണ്.

വർക്ക്സ് കമ്മിറ്റി.

*413. [47] ശ്രീ. എ. സി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞബഡ്ജറ്റ് സമ്മേളനത്തിനുശേഷം ഏതെല്ലാം സബ്ഡിവിഷനുകളിൽ വർക്ക്സ് കമ്മിറ്റി കൂടിയിട്ടുണ്ട്;

(ബി) മൂവാറ്റുപുഴ സബ്ഡിവിഷൻ കമ്മിറ്റി കൂടാതിരിക്കുവാൻ ഉള്ളകാരണം എന്താണ്;

† Please see Appendix V.

LIBRARY ARCHIVES Kerala Legislative Assembly